Draft #15 of File 3498/AD A4/4/2019/AD A 4 Approved by ASSISTANT REGISTRAR I (ADMIN) on 30-Apr-2020 05:57 PM - Page 1

YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ജീവനക്കാര്യം - ഫെയർകോപ്പി വിഭാഗം - അവധിക്ക് ശേഷം ജോലിയിൽ തിരികെ പ്രവേശിപ്പിക്കൽ, വിവിധ തസ്തികകളിലേക്കുള്ള സ്ഥാനക്കയറ്റം എന്നിവ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 4 സെക്ഷൻ**

നമ്പർ. 1901/AD A 4/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 30.04.2020

---

*പരാമർശം:*-1. ശ്രീമതി. ഉമാദേവി ഒ., ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ (എഫ്.സി & ഡി) യുടെ 24.04.2020 തീയതിയിലെ ഇ മെയിൽ സന്ദേശം.

2. ബഹു. വൈസ് ചാൻസലറുടെ 30.04.2020 തീയതിയിലെ ഉത്തരവ്.

**ഉത്തരവ്**

ഫെയർകോപ്പി വിഭാഗം ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ ആയ ശ്രീമതി. ഉമാദേവി ഒ., 02.03.2020 മുതൽ 30.04.2020 വരെയുള്ള 60 ദിവസത്തെ അർദ്ധവേതനാവധിക്കും (ചികിത്സാ സാക്ഷ്യപത്രത്തിൻറെ അടിസ്ഥാനത്തിൽ) 2020 മെയ് 1, 2, 3 തീയിതികളിലെ അവധികൾക്കും ശേഷം 04.05.2020 തീയതിയിൽ ജോലിയിൽ തിരികെ പ്രവേശിക്കുന്നതിനായി പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു.

ശ്രീമതി. സതീദേവി ടി.പി., സെക്ഷൻ ഓഫീസർ ഹയർ ഗ്രേഡ് (എഫ്.സി & ഡി), ശ്രീ. ബൈജു ഇ.സി., സെക്ഷൻ ഓഫീസർ (എഫ്.സി & ഡി) എന്നിവർ 30.04.2020 അപരാഹ്നം സർവ്വീസിൽ നിന്നും വിരമിക്കുന്നു.

ചുവടെ ചേർത്തിരിക്കുന്ന അവധിക്ക് ശേഷം ജോലിയിൽ തിരികെ പ്രവേശിപ്പിക്കൽ, വിവിധ തസ്തികകളിലേക്കുള്ള സ്ഥാനക്കയറ്റം എന്നിവ അംഗീകരിച്ച് പരാമർശം (2) പ്രകാരം വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

ശ്രീമതി. ഉമാദേവി ഒ., സെക്ഷൻ ഓഫീസർ ഹയർ ഗ്രേഡ്(എഫ്.സി & ഡി)-യെ ടിയാളുടെ 09.04.2020 മുതൽ 30.04.2020 വരെയുള്ള അവധി അപേക്ഷ സമർപ്പിച്ച് ടി അവധി ക്രമീകരിക്കുന്നതിനും ജോലിയിൽ തിരികെ പ്രവേശിക്കുന്നതിനുള്ള ശാരീരിക ക്ഷമത തെളിയിക്കുന്ന ഡോക്ടറുടെ സാക്ഷ്യപത്രം സമർപ്പിക്കുന്നതിനും വിധേയമായി, ജോലിയിൽ തിരികെ പ്രവേശിപ്പിച്ച് ശ്രീമതി. സതീദേവി ടി.പി., സെക്ഷൻ ഓഫീസർ ഹയർ ഗ്രേഡ് (എഫ്.സി & ഡി) 30.04.2020 അപരാഹ്നം വിരമിക്കുന്ന ഒഴിവിൽ 01.05.2020 പൂർവാഹ്നം മുതൽ ടി തസ്തികയിലേക്ക് ഉൾക്കൊള്ളിച്ച് പരീക്ഷാ വിഭാഗം സീറ്റെക്സ് സെക്ഷനിൽ നിയമിച്ച് പരാമർശം (2) പ്രകാരം വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

ശ്രീ.ബൈജു ഇ.സി, സെക്ഷൻ ഓഫീസർ (എഫ്.സി & ഡി) 30.04.2020 അപരാഹ്നത്തിൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന ഒഴിവിൽ, ഫെയർ കോപ്പി വിഭാഗം ഓഫീസ് സൂപ്രണ്ടുമാരിൽ ഏറ്റവും സീനിയർ ആയ ശ്രീമതി. താഹിറ എ.കെ - യ്ക്ക് 01.05.2020 പൂർവാഹ്നം മുതൽ 35,700 -

75,600 ശമ്പള സ്കെയിലിൽ ഫെയർ കോപ്പി വിഭാഗം സെക്ഷൻ ഓഫീസർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നു.

ശ്രീമതി.താഹിറ എ.കെ ഫെയർ കോപ്പി വിഭാഗം സെക്ഷൻ ഓഫീസർ ആകുന്ന ഒഴിവിൽ, സെലക്ഷൻ ഗ്രേഡ് കമ്പ്യൂട്ടർ അസിസ്റ്റൻറ്മാരിൽ ഏറ്റവും സീനിയർ ആയ ശ്രീമതി. ഷബ്ന. ടി.എ -യ്ക്ക് 01.05.2020 പൂർവാഹ്നം മുതൽ 36,600 - 79,200 ശമ്പള സ്കെയിലിൽ ഫെയർ കോപ്പി വിഭാഗം ഓഫീസ് സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നു.

സെക്ഷൻ ഓഫീസർ (എഫ്.സി & ഡി) തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ശ്രീമതി. താഹിറ എ.കെ., ഓഫീസ് സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ശ്രീമതി. ഷബ്ന. ടി.എ. എന്നിവരെ നിലവിലെ സീറ്റിൽ തുടരാൻ അനുവദിക്കുന്നു.

ചുമതല വ്യത്യാസമുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്ന ഉദ്യോഗസ്ഥർക്ക് പ്രസ്തുത തസ്തികയിൽ ചുമതലയേൽക്കുന്ന തീയതി മുതൽ മാത്രമേ സ്ഥാനക്കയറ്റത്തിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ.

സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർ ഈ ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം സ്ഥാനക്കയറ്റ തസ്തികയിലെ ശമ്പള നിർണ്ണയത്തിന് വേണ്ടി സമർപ്പണം നൽകേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രേംകുമാർ ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ/സെക്ഷനുകൾ/വകുപ്പുകൾ
2. വൈസ് ചാൻസലർ, പ്രോ-വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ മാർ.
4. എ.ആർ-1/ഡി.ആർ -1/ജെ.ആർ - 1 (ഭരണ വിഭാഗം)
5. പൂൾ ഓഫീസർമാർ
6. എഫ്.സി.സി/ഫിനാൻസ് 1/എഡി.സി 1/ഓഡിറ്റ് 1/2/3
7. ജനറൽ ക്യാഷ് 1/എഡി.എ8/എഡി.എ10/എഡി.സി 2
8. കെ.എസ്.എ ഡിപ്പാർട്ട്മെൻറ്/സിറ്റാഡ്/ഐ.ക്യൂ.എ.സി/സി.എം.എസ്/പി.ആർ.ഒ സെക്ഷൻ
9. സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ

Draft #15 of File 3498/AD A4/4/2019/AD A 4 Approved by ASSISTANT REGISTRAR I (ADMIN) on 30-Apr-2020 05:57 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം